# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: നമ്പർ: കെ.എസ്.എ -ഇ.കെ.എം(ബി.പി )1007/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 26/08/2023
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
2.എ ഡി സി (ജനറൽ), എറണാകുളം
3.കാര്യാലയ പകർപ്പ്

നമ്പർ: നമ്പർ: കെ.എസ്.എ -ഇ.കെ.എം(ബി.പി )1007/2023 തീയ്യതി: 26/08/2023

# എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാംകുട്ടി ടി.എൽ. | ജോയിന്റ് ഡയറക്ടർ | 20-06-2023 | 30-06-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-06-2023 | 30-06-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.ഹരീഷ് ബാബു എൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

2. ശ്രീമതി ഷൈബി ഇ ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

3. ശ്രീ. മുഹമ്മദ് ഷാഫി വി എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബേസിൽ പോൾ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി റഹിമ വി വി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബിനോയ് എം പി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീ സുഭാഷ് ജി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 30-04-2022 |
| ശ്രീ ഷൈൻ എച്ച് പള്ളത്ത് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-05-2022 | 20-07-2022 |
| ശ്രീ വിനോദ് വി ഡി | അസിസ്റ്റന്റ് എഞ്ചിനീയർ | 21-07-2022 | 19-10-2022 |
| ശ്രീമതി ഷിജി ജോസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 20-10-2022 | 31-03-2023 |
| ഡോ.ആനന്ദ് സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 01-04-2022 | 31-03-2023 |
| ശ്രീമതി സുഹറ സി എച്ച് | സി ഡി പി ഒ | 01-04-2022 | 31-03-2023 |
| ശ്രീ രാജീവ് എസ് | എസ് സി ഡി ഒ | 01-04-2022 | 31-01-2023 |
| ശ്രീമതി സിന്ധു വി | എസ് സി ഡി ഒ | 01-02-2023 | 08-02-2023 |
| ശ്രീ സുരേഷ്കുമാർ വി കെ | എസ് സി ഡി ഒ | 09-02-2023 | 31-03-2023 |
| ശ്രീ ജിബിൻ ജോയ് | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി മോളി പി എൻ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2022 | 25-05-2022 |
| ശ്രീമതി സൗമ്യ സണ്ണി | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ(ചാർജ്) | 26-05-2022 | 10-06-2022 |
| ശ്രീമതി മോളി പി എൻ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 11-06-2022 | 25-09-2022 |
| ശ്രീമതി സ്മിനി വർഗീസ് | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ(ചാർജ്) | 26-09-2022 | 22-10-2022 |

| | | | |
|---|---|---|---|
| ശ്രീമതി മോളി പി എൻ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 23-10-2022 | 31-03-2023 |
| ശ്രീമതി റഫീന ബീവി എം എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ലാത്തതിനാൽ ആയതിന്റെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | തെറ്റായ ഹെഡ്ഡിൽ ചെലവ് രേഖപ്പെടുത്തി | 1-1-3 |
| 5 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക രണ്ട് തവണ രേഖപ്പെടുത്തി | 1-1-4 |
| 6 | ആസ്തി വിവരങ്ങൾ കൃത്യമല്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഗ്രാന്റ് വിനിയോഗം | 1-4 |
| 10 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്നു | 1-4-1 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമപദ്ധതികൾ | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-10 |
| 17 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-11 |
| 18 | വാടകയോടൊപ്പം ജി.എസ്.ടി ഈടാക്കുന്നില്ല | 1-12 |
| 19 | കണ്ടിജന്റ് ചെലവിൽ ഉൾപ്പെടുത്തി ഗ്രോബാഗ് വാങ്ങി നൽകി | 1-13 |
| 20 | മരം മുറിച്ച് മാറ്റിയതിന്റെ ലേല നടപടികൾ പൂർത്തീകരിച്ചില്ല | 1-14 |
| 21 | സാന്ത്വനപരിചരണം - രോഗീ ബന്ധുസംഗമം - സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ് | 1-15 |
| 22 | ശിശുവികസന പദ്ധതി ഓഫീസർ വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല | 1-16 |
| 23 | മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നു | 1-17 |
| 24 | മൂക്കനൊട്ടുപാറ കുടിവെള്ള പദ്ധതി - നടപ്പാക്കിയതിലെ അപാകതകൾ | 1-18 |
| 25 | പഞ്ചിംങ്ങ് മെഷീൻ സ്ഥാപിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ് | 1-19 |
| 26 | ഫർണീച്ചർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങിയതിലെ അപാകത | 1-20 |
| 27 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-21 |

| | | |
|---|---|---|
| 28 | വനിതാ ജിം-പാഴ്ചെലവായ പ്രവൃത്തി | 1-22 |
| 29 | ലൈഫ് മിഷൻ പദ്ധതിക്ക് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ - വിനിയോഗ വിവരം അറിയിക്കേണ്ടതാണ് | 1-23 |
| 30 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു. | 1-24 |
| 31 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി - അപാകതകൾ | 1-25 |
| 32 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 09.06.2023 തീയതിയിലെ 1(1) നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 09.06.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.
വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി,കുവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:

തീയതി:

ജോയിന്റ് ഡയറക്ടർ

### 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ലാത്തതിനാൽ ആയതിന്റെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹560538/-യാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹110410/-യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 തെറ്റായ ഹെഡ്ഡിൽ ചെലവ് രേഖപ്പെടുത്തി

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ബ്ലോക്ക് പഞ്ചായത്തിന്റെ ചെലവിനമല്ലെന്നിരിക്കെ 230100101 എന്ന ഹെഡ്ഡിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജായി ₹10250/- ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് യഥാർത്ഥത്തിൽ കമ്പ്യൂട്ടർ സർവീസിംഗിന് നൽകിയ തുകയാണ്.

### 1-1-4 ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക രണ്ട് തവണ രേഖപ്പെടുത്തി

ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) എ സി ആർ പ്രകാരം ആകെ വരവ് ₹6808171/-യാണ്. ആയതിൽ ട്രഷറിയിൽ വന്ന ₹22171/- RP-7 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയതിനൊപ്പം തന്നെ RP-31 ഷെഡ്യൂളിലും ഉൾപ്പെടുത്തിയതിനാൽ ഇരട്ടിപ്പ് വന്നിട്ടുണ്ട്.

### 1-1-5 ആസ്തി വിവരങ്ങൾ കൃത്യമല്ല

ഭൂമിയുൾപ്പെടെയുള്ള ആസ്തി വിവരങ്ങൾ തിട്ടപ്പെടുത്തി ചേർത്തിട്ടില്ല. 11 ഹെഡ്ഡുകളിലായി ആസ്തി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 7 ഹെഡ്ഡുകളിൽ മാത്രമാണ് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ഉൾപ്പെടുത്തിയിട്ടില്ല.

### 1-2 ബജറ്റ്

ബജറ്റ് 16.03.2022 തീയതിയിലെ 1(1)നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 02.03.2023 ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | 2022-2023 ലെ പുതുക്കിയ ബജറ്റ് പ്രകാരം (₹) | 2022-2023 വാർഷിക ധനകാര്യപത്രിക പ്രകാരം (₹) |
|---|---|---|
| വരവ് | 96889795 | 81022922 |
| ചെലവ് | 95840855 | 81583460 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹6724107 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹81022922 |
| ആകെ | ₹87747029 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹81583460 |
| നീക്കിയിരിപ്പ് | ₹6163569 |

വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ്സ് & പേയ്മെന്റ് അക്കൗണ്ട് അടിസ്ഥാനമാക്കിയാണ് മേൽ വരവ്-ചെലവ് ചേർത്തിരിക്കുന്നത്. പ്രസ്തുത കണക്കുകളിൽ ഉൾപ്പെടാത്ത ഗ്രാന്റിനങ്ങളുടെ വിശദാംശങ്ങൾ തുടർ ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ് പ്രകാരം വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കി യിരുപ്പ് (₹) | ചെലവഴി ക്കാതെ ലാപ്സായ തുക (₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 28061000 | 28061000 | 26032762 | 0 | 2028238 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 12183000 | 12183000 | 11195595 | 0 | 987405 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 484000 | 484000 | 484000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 7864000 | 7864000 | 7798360 | 0 | 65640 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ട്രഷറി) | 0 | 75183 | 75183 | 75183 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ബാങ്ക്) | 42184 | 4524000 + 198596 (പലിശ) | 4764780 | 4524000 | 240780 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ട്രഷറി) | 0 | 22171 | 22171 | 22171 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ബാങ്ക്) | 482634 | 6786000 | 7268634 | 6733089 | 535545 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (ഹെൽത്ത് ഗ്രാന്റ്) | 0 | 16154957 | 16154957 | 14393160 | 1761797 | |
| ഐ എ വൈ 320100110 | 321739 | 650714 | 972453 | 100023 | 872430 | |
| ടോട്ടൽ സാനിട്ടേഷൻ 320100115 | 1295020 | 37849 | 1332869 | 0 | 1332869 | |
| PYCKA 320100126 | 9000 | 0 | 9000 | 0 | 9000 | |
| 320300199 ഐ എ വൈ- ലോൺ | 10700 | 0 | 10700 | 0 | 10700 | |

ബജറ്റ് പ്രകാരം പഞ്ചായത്തിന് അനുവദിക്കുന്ന ഗ്രാന്റുകൾ കാര്യക്ഷമമായി ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ തുക എന്നിവ ഉപയോഗിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും കുറവ് വന്നിട്ടുണ്ടെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട ഗ്രാന്റ് നഷ്ടപ്പെടുത്തുന്നത് ആശാസ്യമല്ല. ഓരോ വർഷവും ഗ്രാന്റായി ലഭിക്കുന്ന തുകയുപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ യഥാസമയം പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ഭരണ സമിതി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

### 1-4-1 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്നു

ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 ലെ ബാലൻസ് ഷീറ്റ് പ്രകാരം 31.03.2023-ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ നീക്കിയിരിപ്പ് ഉണ്ട്.

| ക്രമ നം. | ഹെഡ് | തുക (₹) |
|---|---|---|
| 1 | 320100110 | 872430 |
| 2 | 320100115 | 1332869 |
| 3 | 320100126 | 9000 |
| 4 | 320100199 | 883693 |
| 5 | 320200104 | 1761797 |
| 6 | 320200111 | 535545 |
| 7 | 320200112 | 240780 |
| 8 | 320200301 | 125576 |
| 9 | 320300199 | 10700 |
| 10 | 320400199 | 100000 |

വിവിധ പ്രോജക്ടുകൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, വകുപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ വിവിധ വർഷങ്ങളിൽ അനുവദിച്ച തുകയാണ് ചെലവഴിക്കാതെ ബ്ലോക്ക് പഞ്ചായത്ത് വിവിധ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നത്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ പല ഹെഡിലേയും തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, എന്നിവ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 22.06.2023 ൽ 1-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് മറുപടി ലഭ്യമായില്ല. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും ഒഴിവാക്കി ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റി അക്കൗണ്ട് ക്രമീകരിക്കേണ്ടതാണ്. അവശേഷിക്കുന്ന തുക വിനിയോഗിക്കുകയോ, അല്ലാത്ത പക്ഷം തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത്/ പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 142 | 94319499 | 80 | 62766761 | 56 | 6 | 56.33 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമപദ്ധതികൾ

ഇല്ല.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.06.2023 തീയതിയിൽ 3 PM സമയത്ത് ഹെഡ് ക്ലർക്കിന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ഇല്ല എന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) വാർഷിക ധനകാര്യപത്രിക സമയബന്ധിതമായിട്ടാണ് തയ്യാറാക്കിയിട്ടുള്ളതെങ്കിലും ഹെഡ് മാറി പോസ്റ്റ് ചെയ്ത ഏതാനം ഇനങ്ങൾ അതത് ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് പരിശോധനയിൽ ശ്രദ്ധയിൽപ്പെടുകയുണ്ടായി.
2) വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഫണ്ട് വിനിയോഗം യഥാസമയം നടത്തിയിട്ടും വിനിയോഗ വിവരം വാങ്ങി സൂക്ഷിച്ചിട്ടില്ല.
3) മുൻ വർഷങ്ങളിൽ ജല അതോറിറ്റി, വൈദ്യുതി ബോർഡ് എന്നീ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗം ഉറപ്പാക്കുന്നതിൽ പോരായ്മ ഉണ്ടായിട്ടുണ്ട്.
4) പ്രോജക്ടുകളുടെ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ തുകകളുടെ വിനിയോഗം ഉറപ്പാക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.
5) അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സ്ഥാപനത്തിൽ പരിപാലിക്കുന്നില്ല. ബാലൻസ് ഷീറ്റിലെ ബി-7 ൽ രേഖപ്പെടുത്തിയിട്ടുള്ള ₹298,919/-യുടെ വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടില്ല.
6) മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പൂർത്തികരണ കാലാവധിക്കുള്ളിൽ പൂർത്തികരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
7) 1997-98 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.02.22 | 2016 To 2022 | 13.04.2022 |
| പെർഫോമൻസ് ഓഡിറ്റ് | 15.06.2023 മുതൽ 23.06.2023 വരെ | 01.04.2022 മുതൽ 31.03.2023 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## 1-11 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരമുള്ള ഫോം നമ്പർ KPRAR-5 മാതൃകയിൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ അച്ചടിച്ച രസീതോ, സാംഖ്യ രസീതോ ഉപയോഗിച്ച് മാത്രമേ പണം പിരിക്കാൻ അനുവാദമുള്ളൂ. സാംഖ്യ രസീത് നൽകുവാൻ കഴിയാത്ത സാഹചര്യത്തിൽ ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ അച്ചടിച്ച രസീത് നൽകുന്നതിന് പകരം ചില ദിവസങ്ങളിൽ സാംഖ്യ രസീതിൽ

പേനകൊണ്ട് തുക രേഖപ്പെടുത്തി നൽകി പണപ്പിരിവ് നടത്തിയിരിക്കുന്നു. ഉദാഹരണം താഴെ ചേർക്കുന്നു.

B 8940771/05.04.2022, B 8940772/12.05.2022 എന്നീ നമ്പരുകളിലുള്ള സ്റ്റേഷനറികളിൽ വിവരങ്ങൾ മഷി ഉപയോഗിച്ച് എഴുതുകയാണ് ചെയ്തിട്ടുള്ളത്.

ഔദ്യോഗിക രസീത് ഉപയോഗിച്ച് രസീതുകൾ എഴുതി നൽകി പണം പിരിച്ചത് ഗുരുതരമായ നിയമ ലംഘനമാണ്. കൂടാതെ B 8940784/15.02.2023 നമ്പർ സ്റ്റേഷനറിയിൽ രണ്ട് തുകകൾ (₹30000/-, ₹50000/-) പ്രിന്റ് ചെയ്തിട്ടുള്ളതായി കാണുന്നു. അതോടൊപ്പം B 8940785/15.02.2023 നമ്പർ സ്റ്റേഷനറിയിൽ സാംഖ്യാ രസീതിന്റെ നമ്പർ വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 16, തീയതി. 24.06.2023) ലഭിച്ച മറുപടിയിൽ പ്രിന്റർ തകരാർ കാരണമാണ് അപാകതകൾ സംഭവിച്ചതെന്ന് വിശദീകരിച്ചു. അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-12 വാടകയോടൊപ്പം ജി.എസ്.ടി ഈടാക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്ത് ജനകീയ ഹോട്ടൽ നടത്തുന്നിനായി നൽകിയിട്ടുള്ള കെട്ടിടത്തിന് വാടക പ്രതിമാസം ₹1000/- വീതമാണ്. വാടകയുടെ 18% തുക വാടകയോടൊപ്പം ഈടാക്കി ജി.എസ്.ടി.യിനത്തിൽ അടവാക്കേണ്ടതാണ്. എല്ലാ മാസങ്ങളിലും വാടക ഈടാക്കുന്നുണ്ടെങ്കിലും വാടക തുകയ്ക്ക് അനുസരിച്ച് ജി.എസ്.ടി. ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| രസീത് നം , തീയതി | മാസം | തുക (₹) | ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി.തുക (₹) |
|---|---|---|---|
| 122030100001, 05.04.22 | മാർച്ച് 2022 | 1000 | 180 |
| 122050100001, 12.05.22 | ഏപ്രിൽ 2023 | 1000 | 180 |
| 900003100081, 14.09.22 | മെയ് 2023 | 1000 | 180 |
| 900003100081, 30.10.22 | ജൂൺ 2023 മുതൽ സെപ്തംബർ 2023 വരെ | 4000 | 720 |
| 122050100003, 22.12.22 | ഒക്ടോബർ 2023, നവംബർ 2023 | 2000 | 360 |
| 122050100017, 01.03.22 | ഡിസംബർ 2023 മുതൽ ഫെബ്രുവരി 2023 വരെ | 3000 | 540 |
| ആകെ | | | 2160 |

ജി.എസ്.ടി. ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.14,24.06.2023), ജി.എസ്.ടി തുക ഒടുക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന മറുപടി ലഭിക്കുകയുണ്ടായി. ജി.എസ്.ടി. തുക ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ സർക്കാരിലേക്ക് ഒടുക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-13 കണ്ടിജന്റ് ചെലവിൽ ഉൾപ്പെടുത്തി ഗ്രോബാഗ് വാങ്ങി നൽകി

എം ജി എൻ ആർ ഇ ജി എസ്-പദ്ധതിയുമായി ബന്ധപ്പെട്ട് തെങ്ങിൻ തൈകൾ നടുന്നതിനായി ക്വട്ടേഷൻ മുഖേന 3500 ഗ്രോബാഗുകൾ വാങ്ങിയതിന് ₹10862/- ഫാംസ് ഇന്ത്യ, പെരുമ്പാവൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (വൗച്ചർ നമ്പർ 22200068 തീയതി 01.06.2022). കണ്ടിജന്റ് ചെലവിൽ ഉൾപ്പെടുത്തിയാണ് ഈ ചെലവ് നടത്തിയിട്ടുള്ളത്. ജി.ഒ(എം.എസ്) നമ്പർ 107/98 ത.സ്വ.ഭ.വ തീയതി 27.05.1998 ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ദൈനംദിന ഭരണത്തിനാവശ്യമായ ഏതൊക്കെ ഇനങ്ങളാണ് കണ്ടിജന്റ് ചെലവിൽ ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രോബാഗ് വാങ്ങി നൽകൽ പോലുള്ള പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നില്ല. ഇത്തരം പ്രവർത്തനങ്ങൾ പ്രൊജക്ട് ആവിഷ്കരിച്ച് അനുമതി വാങ്ങി നടപ്പാക്കാതെ, സർക്കാർ ഉത്തരവിന് വിരുദ്ധമായി കണ്ടിജന്റ് ചെലവിൽ ഉൾപ്പെടുത്തി തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 26.06.2023 ലെ 20-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് ഫണ്ട് ചെലവഴിക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതും കണ്ടിജന്റ് ചെലവുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ

ഇനങ്ങൾ മാത്രം ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-14 മരം മുറിച്ച് മാറ്റിയതിന്റെ ലേല നടപടികൾ പൂർത്തീകരിച്ചില്ല

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് പരിസരത്ത് അപകടകരമായ അവസ്ഥയിൽ നിന്ന വാകമരത്തിന്റെ ശിഖരങ്ങൾ മുറിച്ച് മാറ്റിയതിന് വൗച്ചർ നമ്പർ 22200317 തീയതി 29.11.2022 പ്രകാരം ₹28,000/- ചെലവഴിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 01.07.2022 ലെ 2(1) നമ്പർ തീരുമാന പ്രകാരമാണ് പ്രവൃത്തി നടപ്പാക്കിയിട്ടുള്ളത്. മുറിച്ച് മാറ്റിയ ശിഖരങ്ങൾ ലേലം ചെയ്യുന്നതിന് പെരുമ്പാവൂർ സോഷ്യൽ ഫോറസ്റ്റി റെയ്ഞ്ച് ഓഫീസറുടെ 25.02.2023 തീയതിയിലെ പി3.18/23 നമ്പർ കത്ത് മുഖേന നൽകിയിട്ടുള്ള വാല്യൂവേഷനിൽ തടിയ്ക്ക് ₹7785.36/- യും, വിറകിന് ₹5880/- യും ഉൾപ്പെടെ ആകെ ₹13665.36/-യാണ് നിർണ്ണയിച്ച് നൽകിയത്. വിഷയത്തിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ 23.06.2023 ലെ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. ഉയർന്ന തുകയുടെ ക്വട്ടേഷൻ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടെന്നും തുടർനടപടികൾക്കുള്ള നിർദ്ദേശത്തിനായി തദ്ദേശസ്വയംഭരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ലേലനടപടികൾ പൂർത്തീകരിച്ച് ഓഡിറ്റിന് രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-15 സാന്ത്വനപരിചരണം - രോഗീ ബന്ധുസംഗമം - സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് | പാലിയേറ്റീവ് കെയർ-സെക്കൻഡറി,S0072/23 |
| അടങ്കൽ | ₹1755790/- (വികസന ഫണ്ട്-സാധാരണ വിഹിതം) |
| ചെലവ് | ₹1719408/- |
| ബിൽ നമ്പർ/തീയതി, തുക (രോഗീ ബന്ധു സംഗമം-ചെലവ്) | 216/02.03.2023, ₹93503/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യകേന്ദ്രം |

സർക്കാർ ഉത്തരവ് നം. 3217/2015/ത.സ്വ.ഭ.വ. തീയതി 29.10.2015 പ്രകാരമുള്ള പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക നം.2.6.13 പ്രകാരം രോഗികളുടേയും കുടുബങ്ങളുടേയും വാർഷിക സംഗമം വിളിച്ച് ചേർക്കാവുന്നതാണെന്നും നടത്തപ്പെടുന്ന പരിപാടികൾക്ക് ഭക്ഷണ ചെലവിലേക്കായി ആൾ ഒന്നിന് പരമാവധി ₹60/- വീതവും സംഗമത്തിന്റെ മറ്റ് ചെലവുകൾക്കായി പരമാവധി ₹3000/-യും ചെലവഴിക്കാവുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. കൂടുതൽ തുക വേണ്ടി വരികയാണങ്കിൽ ആയത് സ്പോൺസർഷിപ്പിലൂടെ കണ്ടെത്തേണ്ടതാണെന്നും നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ മേൽ പദ്ധതിയിൽ വിവിധയിനങ്ങളിലായി ₹93503/- യുടെ ചെലവ് വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| ഇൻവിറ്റേഷൻ കാർഡ് | ₹4200/- |
| ബാനർ | ₹4153/- |
| ഫോട്ടോ | ₹1250/- |
| സൗണ്ട് & ഡെക്കറേഷൻ | ₹16000/- |
| ക്ലീനിംഗ് ചാർജ് | ₹2500/- |
| ബൊക്കെ | ₹2000/- |
| റിഫ്രഷ്മെന്റ്/ഭക്ഷണ ചെലവ് | ₹63400/- |
| ആകെ | ₹93503/- |

സ.ഉ.(സാധാ) നം. 553/2019 ത.സ്വ.ഭ.വ 07.03.2019 തീയതിലെ പാലിയേറ്റീവ് കെയർ മാർഗരേഖ ഖണ്ഡിക നമ്പർ 2.4.6 പ്രകാരം രോഗികളുടേയും കുടുംബാംഗങ്ങളുടേയും ഒത്തുചേരലിൽ 20 മുതൽ 30 വരെ ആളുകളെ പങ്കെടുപ്പിക്കുന്നതാണ് അഭികാമ്യമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 510 പേരെ പങ്കെടുപ്പിച്ചുള്ള പരിപാടിയാണ് മേൽ പ്രോജക്ട് പ്രകാരം നടപ്പാക്കിയതായി കാണുന്നത്. സർക്കാർ മാർഗ്ഗരേഖയിൽ വിഭാവനം ചെയ്തിരിക്കുന്നതിൽ നിന്ന് വ്യതിചലിച്ചാണ് പരിപാടി നടപ്പാക്കിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 25.06.2023 ൽ 17-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. കൊവിഡ് കാലഘട്ടമായതിനാൽ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ പരിപാടി നടത്താൻ സാധിക്കാതെ വന്നതിനാൽ തൻവർഷം മുഴുവൻ രോഗികളെയും പങ്കെടുപ്പിച്ച് നടത്താൻ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിലാണ് 510 പേരെ പങ്കെടുപ്പിച്ച് പരിപാടി നടത്തിയതെന്ന് മറുപടിയിൽ വിശദീകരിച്ചു. ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കുന്നതാണെന്നും

അറിയിച്ചിട്ടുണ്ട്.

പാലിയേറ്റീവ് കെയർ(സെക്കൻഡറി) എന്ന രീതിയിലാണ് ഈ പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. ഇതേ പ്രോജക്ട് തന്നെ ഗ്രാമപഞ്ചായത്ത് തലത്തിലും നടപ്പാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ ഇരട്ടിപ്പായിട്ടാണോ പ്രോജക്ട് നടപ്പാക്കിയതെന്ന് പരിശോധിക്കുന്നതിന് മെഡിക്കൽ ഓഫീസർ(സി.എച്ച്.സി)വേങ്ങൂർ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള പ്രോജക്ട് ഫയലും അനുബന്ധ രേഖകളും കൂടി ഹാജരാക്കുവാനാവശ്യപ്പെട്ടെങ്കിലും രേഖകൾ ലഭ്യമായില്ല. ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ രോഗീബന്ധു സംഗമം നടപ്പാക്കുവാനാണ് സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതെന്നതിനാൽ ഈ നിർദ്ദേശം പാലിച്ച് മാത്രം പാലിയേറ്റീവ് പദ്ധതി ഏറ്റെടുക്കേണ്ടതാണ്.

1-16 ശിശുവികസന പദ്ധതി ഓഫീസർ വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല

സി.ഡി.പി.ഒ നടപ്പാക്കിയ രണ്ട് പദ്ധതികളിലായി അങ്കണവാടികളിലേക്ക് ഫർണിച്ചർ, ഓഫീസിലേക്ക് പ്രിന്റർ എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ വാങ്ങിയ സാധനങ്ങളൊന്നും സ്റ്റോക്കിലെടുത്തിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പദ്ധതി | അങ്കണവാടികൾക്ക് ഫർണീച്ചർ,S057/23 |
| അടങ്കൽ തുക | ₹179672/-(വികസനഫണ്ട്-സാധാരണ വിഹിതം) |
| ചെലവ് തുക | ₹179672/- |
| ബിൽ നമ്പർ/ തീയതി | 75/26.10.2022 |

ഈ പദ്ധതിയിൽ അങ്കണവാടികളിൽ വിതരണം നടത്തുന്നതിന് ₹179672/-രൂപ 220 എണ്ണം വീതം ഡെസ്ക്കുകളും, ബെഞ്ചുകളും വാങ്ങുന്നതിന് ചെലവഴിച്ചിട്ടുണ്ട്. ഫർണിച്ചർ ലഭ്യമാക്കി വിതരണം നടത്തിയിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 25.06.2023 ൽ നൽകിയ 18-ാം നമ്പർ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് വിവിധ അങ്കണവാടികളിലെ വർക്കർമാർ ഫർണിച്ചർ കൈപ്പറ്റിയതിന്റെ സാക്ഷ്യപത്രം ഹാജരാക്കി. എന്നാൽ സ്റ്റോക്കിൽ രേഖപ്പെടുത്താതെയാണ് ഇവ വിതരണം ചെയ്തിട്ടുള്ളത്.

2)

| | |
|---|---|
| പദ്ധതി | സി ഡി പി ഒ ഓഫീസിന്റെ ദൈനംദിന ചെലവുകൾ, S95/23 |
| അടങ്കൽ തുക | ₹81231/-(മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്) |
| ചെലവ് തുക | ₹76210/- |
| പ്രിന്റർ വാങ്ങിയതിന്റെ ബിൽ നമ്പർ/ തീയതി, തുക | 289/22.03.2023, ₹35040/- |

പ്രിന്റർ ലഭ്യമായിട്ടുണ്ടെന്ന് അറിയിച്ചെങ്കിലും ഇത് സ്റ്റോക്കിലെടുത്തിട്ടില്ല. വാങ്ങിയ സ്റ്റോറുകൾ സ്റ്റോക്കിലെടുക്കാതെ വിതരണം ചെയ്യുന്നത് കേരള ഫിനാൻഷ്യൽ കോഡ്, വോള്യം 1 ലെ ആർട്ടിക്കിൾ 147, 149(1), 150, 152 എന്നിവയുടെ ലംഘനമാണ്. മേൽ രണ്ട് പദ്ധതികളിലുമായി വാങ്ങിയ ഫർണിച്ചറുകളും പ്രിന്ററും സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കേണ്ടതാണ്.

1-17 മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ, സാമൂഹ്യാരോഗ്യകേന്ദ്രം 2022-23 സാമ്പത്തിക വർഷം കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്(KMSCL)ൽ നിന്ന് മരുന്ന് ലഭ്യമാക്കുന്നതിനായി താഴെപ്പറയും വിധം തുക കൈമാറിയിട്ടുണ്ട്.

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S89/23 സി എച്ച് സി- മരുന്ന് ലാബ് സാധനങ്ങൾ വാങ്ങൽ |
| അടങ്കൽ തുക | ₹1500000/-(മെയിന്റനൻസ് ഫണ്ട്,റോഡിതരം) |
| ആകെ ചെലവ് തുക | ₹1499994/- |
| മരുന്ന് വാങ്ങുന്നതിന് | 247/14.03.2023, ₹9,00,000/- |

| | |
|---|---|
| കൈമാറിയ തുകയുടെ ബിൽ നമ്പർ/തീയതി, തുക | |

മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ 26.06.2023 ലെ 19-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ₹134143/-യുടെ മരുന്ന് ലഭ്യമായതായാണ് അറിയിച്ചത്. ₹7,65,857/-യുടെ മരുന്ന് കൂടി ലഭ്യമാകുവാൻ അവശേഷിക്കുന്നുണ്ട്. നൽകിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ലഭ്യമാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മരുന്ന് ലഭിക്കുന്നത് വരെ ₹7,65,857/-യുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-18 മൂക്കനാട്ടുപാറ കുടിവെള്ള പദ്ധതി - നടപ്പാക്കിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | വേങ്ങൂർ പഞ്ചായത്തിലെ വാർഡ് 8 മൂക്കനാട്ടുപാറ കുടിവെള്ള പദ്ധതി, 41/23 |
| നിർവ്വഹണം | അസി.എഞ്ചിനിയർ |
| കരാറുകാരൻ | അരുൺ വർഗീസ് |
| അടങ്കൽ തുക | ₹452400/-(കേന്ദ്ര ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ്) |
| സപ്ലിമെന്ററി എഗ്രിമെന്റ് തീയതി | 01/AE/LSGD/2022-23,dated 11.03.2023 |
| ചെലവ് വിവരം | 1)₹369759/-<br>2)₹64894/- |
| ബിൽ നമ്പർ/തീയതി | 1)270/16.03.2023<br>2)306/25.03.2023 |

വേങ്ങൂർ ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ടാങ്ക്, മോട്ടോർ പമ്പ്, പൈപ്പ് ലൈൻ നീട്ടൽ എന്നീ പ്രവൃത്തികൾ നടത്തുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. ഗ്രാമപഞ്ചായത്തിലെ സി.എച്ച്.സി. ഉപകേന്ദ്രത്തിന് സമീപം തന്നെ വാട്ടർ ടാങ്ക് നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടത്. ഓഡിറ്റ് ടീം 26.06.2023 ൽ നിർവ്വഹണോദ്യോഗസ്ഥയുമായി നടത്തിയ സ്ഥലപരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

1) കുടിവെള്ള പദ്ധതിയ്ക്കായി 10000 ലിറ്റർ വാട്ടർ ടാങ്ക് സ്ഥാപിച്ചതിന് ₹51750/-കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ വാട്ടർ ടാങ്ക് ഉപയോഗിക്കാതെ ഒരു ഭാഗത്തേയ്ക്ക് മാറ്റി വെച്ചിരിക്കുകയാണ്.



ചിത്രം 1

2) മോട്ടോർ ഷെഡ് നിർമ്മിച്ചിട്ടുണ്ടെങ്കിലും മോട്ടോർ പമ്പോ, ഇലക്ട്രിഫിക്കേഷനോ അനുബന്ധ പ്രവൃത്തികളോ നടപ്പാക്കിയതായി കാണുന്നില്ല.

3) അധിക ഇനമായി നിലവിൽ ഉപ കേന്ദ്രത്തിന് ചുറ്റും പാകിയിരുന്ന സിമന്റ് കോൺക്രീറ്റ് ഇന്റർലോക്കിംഗ് പേവർ ബ്ലോക്കുകൾ പൊളിച്ച് മാറ്റുകയും ആയവ തന്നെ വീണ്ടും പാകുകയും ചെയ്തതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പാകിയവയെല്ലാം നിലവിൽ മോശമായ അവസ്ഥയിലാണ് കാണപ്പെട്ടത്. കോൺക്രീറ്റ് ഇന്റർലോക്കിംഗ് പേവർ ബ്ലോക്കുകൾ എല്ലാം ഭൂമി നിരപ്പിൽ നിന്നും താഴ്ന്ന് പോയതിനാൽ വെള്ളക്കെട്ടുണ്ടാവുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ സിമന്റ് കോൺക്രീറ്റ് ഇന്റർലോക്കിംഗ് പേവർ ബ്ലോക്കുകൾ 67.767$m^2$ പാകിയതിന് ₹19185/-യും, സൈഡിൽ 20mm കല്ലുപയോഗിച്ച് ഫില്ല് ചെയ്തതിന് 5.199$m^2$ ന് ₹11672/-യും കരാറുകാരന് നൽകിയിട്ടുണ്ട്. പ്രവൃത്തി നടപ്പാക്കി മൂന്ന് മാസത്തിനകം തന്നെ ഇന്റർലോക്കിംഗ് പേവർ ബ്ലോക്കുകൾ മോശമായ അവസ്ഥയിൽ കാണപ്പെട്ടു.



ചിത്രം 2



ചിത്രം 3



ചിത്രം 4

മേൽ അപാകതകൾക്ക് ഉചിതമായ മറുപടി നൽകുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.22/26.06.2023)നൽകിയതിന് വിശദീകരണം ലഭിച്ചിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച ₹4,34,653/-(369759+64894)യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 പഞ്ചിംങ്ങ് മെഷീൻ സ്ഥാപിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ബയോമെട്രിക്ക് സംവിധാനം,162/23 |
| നിർവ്വഹണം | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| അടങ്കൽ തുക | ₹100000/-(തനത് ഫണ്ട്) |
| ചെലവ് വിവരം | ₹26877/- |
| ബിൽ നം/തീയതി | 316/27.03.2023 |

സർക്കാർ ഓഫീസുകളിൽ ആധാർ അധിഷ്ഠിത ബയോമെട്രിക്ക് പഞ്ചിംങ്ങ് നടക്കുന്നതിന്റെ ഭാഗമായി 06.01.23ലെ ഗ്രാമ വികസന കമ്മീഷണറുടെ 5757/DP4/2022/CRD നമ്പർ കത്ത് പ്രകാരം കെൽട്രോണിന്റെ എസ്റ്റിമേറ്റ് തുകയായ ₹53754/-യുടെ 50% തുകയായ ₹26877/- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ കെൽട്രോണിന് RTGS ആയി നൽകാൻ ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് കുവപ്പടി ബ്ലോക്ക് പഞ്ചായത്ത് കെൽട്രോണിന് അഡ്വാൻസായി മേൽ പ്രകാരം തുക കൈമാറിയിട്ടുണ്ട്.

പഞ്ചിംങ്ങ് മെഷീൻ സ്ഥാപിക്കുന്നതിനു മുന്നോടിയായി പശ്ചാത്തല സംവിധാനമായി ഇലക്ട്രിഫിക്കേഷൻ, നെറ്റ് വർക്ക് പോയിന്റ് എന്നിവ ഒരുക്കിയിട്ടുണ്ട്. കെൽട്രോണിൽ നിന്ന് ഉപകരണങ്ങൾ ബ്ലോക്ക് പഞ്ചായത്തിലേക്ക് സപ്ലൈ ചെയ്തിട്ടില്ല. പഞ്ചിംങ്ങ് മെഷീൻ സ്ഥാപിക്കുന്നതിന് നിലവിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(നം.05/22.06.2023) നൽകിയതിന് ലഭിച്ച മറുപടിയിൽ ജില്ലാ തലത്തിൽ പഞ്ചിംങ്ങ്

മെഷീൻ സ്ഥാപിക്കുന്ന നടപടികൾ പൂർത്തീകരിച്ചതിന് ശേഷമേ ബ്ലോക്ക് തലത്തിൽ ആയത് സ്ഥാപിക്കുന്ന നടപടികൾ ആരംഭിക്കുകയുള്ളൂ എന്നാണ് വിശദീകരിച്ചത്. ഇൻസ്റ്റാലേഷൻ പൂർത്തികരിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിന് കെൽട്രോണിന് നിർദേശം നൽകേണ്ടതും, ഇക്കാര്യത്തിന്മേലുള്ള തുടർ നടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-20 ഫർണീച്ചർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങിയതിലെ അപാകത

| | | |
|---|---|---|
| പ്രോജക്ട് | ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ലൈബ്രറികൾക്ക് ഫർണീച്ചർ വാങ്ങൽ, 137/23 | ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള എസ് സി സാംസ്കാരിക നിലയങ്ങൾക്ക് ഫർണീച്ചർ, 161/23 |
| നിർവ്വഹണം | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | |
| അടങ്കൽ തുക | ₹841360/-(വികസന ഫണ്ട്-ജനറൽ) | ₹1252890/-(വികസന ഫണ്ട്-എസ് സി പി) |
| ചെലവ് വിവരം | ₹841360/- | 1)₹491481/-<br>2)₹526642/-<br>3)₹234767/-<br>ആകെ ചെലവ് – ₹1252890/- |
| ബിൽ നം/തീയതി | 257/15.03.2023 | 1)295/22.03.2023<br>2)303/24.03.2023<br>3)355/30.03.2023 |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള വിവിധ സ്ഥാപനങ്ങൾക്ക് ഫർണീച്ചർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ടുകൾ. ഫർണീച്ചറുകൾ ടെണ്ടർ നടപടികൾ കൂടാതെ ആർട്കോ, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. സ്റ്റോർ പർച്ചേസ് വകുപ്പിന്റെ സ.ഉ(എം.എസ്)7/2019,തീയതി. 26.04.2019 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ GEM മുഖേന വാങ്ങുന്നതിന് പകരം 16.02.2023 ലെ 2(10)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാങ്ങുകയാണ് ചെയ്തത്. സർക്കാർ ഉത്തരവ് പാലിച്ചുകൊണ്ട് വാങ്ങുന്നതിന് പകരം ടെണ്ടർ നടപടികൾ സ്വീകരിക്കാതെ നേരിട്ട് ആർട്കോയിൽ നിന്ന് വാങ്ങിയതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി(നം.02/22.06.2023) നൽകിയതിന് ലഭിച്ച മറുപടിയിൽ അക്രഡിറ്റഡ് ഏജൻസികൾ നിർമ്മിക്കുന്ന ഫർണീച്ചറുകൾ നേരിട്ട് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ആയവ വാങ്ങിയതെന്ന് വ്യക്തമാക്കുകയുണ്ടായി. ജി.ഒ(പി)നം.67/2021/ഫിൻ തീയതി 28.04.2021 പ്രകാരം പുറപ്പെടുവിച്ച അക്രഡിറ്റഡ് ഏജൻസികളുടെ പുതുക്കിയ മാർഗരേഖയിലെ നിർദേശങ്ങൾക്ക് വിധേയമായി ആർട്കോയുമായി ഏഗ്രിമെന്റ് 27.01.2023 ൽ ചമച്ചിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസികൾക്കുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 8.4 പ്രകാരം സർക്കാർ ഏജൻസിയല്ലാത്ത നോൺ പി.എം.സി. യെ നേരിട്ട് പ്രവൃത്തി ഏൽപ്പിക്കുമ്പോൾ ക്ഷമതയുള്ള സർക്കാർ അധികാരി T.S നൽകേണ്ടതാണെന്നും, ക്ലയന്റ് ഡിപ്പാർട്ട്മെന്റ് നിയോഗിക്കുന്ന എഞ്ചിനിയർമാർ ചെക്ക് മെഷർമെന്റ് നടത്തേണ്ടതാണെന്നും അപ്രകാരമുള്ള സംഗതികളിൽ PMC ചാർജ്ജിൽ നിന്നും 10% തുക കുറവ് ചെയ്യേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ സാങ്കേതികാനുമതി രേഖപ്പെടുത്തിയ രേഖകളിൽ PMC ചാർജ്ജ് എത്രയെന്ന് വ്യക്തമാക്കുന്ന രേഖ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മാർഗ്ഗരേഖയിലെ ഖണ്ഡിക 13.3 പ്രകാരം നോൺ പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രെഡിറ്റഡ് ഏജൻസികളുടെ കാര്യത്തിൽ പ്രവൃത്തി മൂല്യത്തിന്റെ 20% വരെ അഡ്വാൻസായി അനുവദിക്കാവുന്നതും ആയത് തുടർന്നുള്ള പാർട്ട് ബില്ലുകളിൽ നിന്നും ആനുപാതികമായി കുറവ് വരുത്തേണ്ടതാണ്. ആയത് പാലിക്കാതെ മുഴുവൻ തുകയും ആർട്ട്കോയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ അതാത് സമയത്ത് ബാധകമായ മാർഗ്ഗരേഖകൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-21 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് | ഐ കെ എം പ്രവർത്തന ഫണ്ട് |
| നിർവ്വഹണം | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| അടങ്കൽ | ₹52184/- (വികസന ഫണ്ട് – ജനറൽ) |
| ചെലവ് വിവരം | (1)₹46301/-<br>(2)₹ 5883/-<br>ആകെ ചെലവ് – ₹52184/- |

| | |
|---|---|
| ബിൽ നം/തീയതി | (1)25/11.08.2022<br>(2)228/07.03.2023 |

ഐ കെ എം ന് പ്രവർത്തന ഫണ്ടിനത്തിൽ നൽകിയ തുകയാണിത്. ഐ കെ എം 06.01.2023 ൽ lkm/a7/1246/22 കത്തിൽ ആവശ്യപ്പെട്ട പ്രകാരമാണ് തുക നൽകിയത്. ഈ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച തുകയുടെ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.03/22.06.2023)ലഭിച്ച മറുപടിയിൽ ഐ കെ എം ബ്ലോക്ക് പഞ്ചായത്തിന് നൽകിയ രസീത് മാത്രമാണ് ഹാജരാക്കിയത്. ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ₹52184/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 വനിതാ ജിം-പാഴ്ചെലവായ പ്രവൃത്തി

| | |
|---|---|
| പ്രോജക്ട് | കൂവപ്പടി ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിൽ 50-ാം നമ്പർ അങ്കണവാടിയ്ക്ക് സമീപം വനിതാ സൗഹൃദ കേന്ദ്രത്തിന്റെ സൈഡിൽ ഷീ ജിം,160/23 |
| നിർവ്വഹണം | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| അടങ്കൽ തുക | ₹500000/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ് വിവരം | ₹489596/- |
| ബിൽ നം/തീയതി | 356/30.03.2023 |

ബ്ലോക്ക് പഞ്ചായത്ത് ഷീ ജിമ്മിനായി ₹500000/-വകയിരുത്തുകയും, കൂവപ്പടി ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിൽ 50-ാം നമ്പർ അങ്കണവാടിയ്ക്ക് സമീപമുള്ള വനിതാ സൗഹൃദ കേന്ദ്രത്തിനടുത്ത് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി പഞ്ചായത്ത് കമ്മിറ്റിയുടെ 16.02.2023 ലെ 3(2)തീരുമാന പ്രകാരം അംഗീകാരം നൽകി. വനിത ഫിറ്റ്നെസ് സെന്ററിൽ ഷീ ജിം സ്ഥാപിക്കുന്നതിന് മൂന്ന് ടെണ്ടറുകൾ സമർപ്പിച്ചതിൽ ടെണ്ടർ പ്രകാരം കുറവ് തുക ക്വാട്ട് ചെയ്ത മലപ്പുറത്തുള്ള വണ്ടൂരിലെ യോങ്ങ് എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുകയും ചെയ്തിട്ടുണ്ട്. ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ഈ സ്ഥാപനവുമായി 14.03.2023 ൽ നം.3/2022-23 പ്രകാരം കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. താഴെപ്പറയുന്ന ഉപകരണങ്ങളാണ് വാങ്ങിയിട്ടുള്ളത്.

| ഇനം | എണ്ണം |
|---|---|
| 1) Treadmill | 1 |
| 2) Sqat Machine | 1 |
| 3) Step Trainer | 1 |
| 4) Hip Twister | 1 |
| 5) Leg Excerciser | 1 |
| 6) Hyper Extension Rower | 1 |
| 7) Hand Excerciser | 1 |
| 8) Elliptical Trainer | 1 |
| 9) Horse Rider | 1 |
| 10) Air Walker | 1 |
| 11) Rower Machine | 1 |

ഇൻവോയ്സ് നം.YNG/2022-23/846 തീയതി.22.03.2023 പ്രകാരം യോങ്ങ് എന്റർപ്രൈസസ് 11 തരം ഉപകരണങ്ങൾ വിതരണം ചെയ്തു, ആകെ ₹4,89,596/-യാണ് ഇൻവോയ്സ് തുക. സെക്രട്ടറിയുടെ ഉത്തരവ് നം.BPKVPY/114/2023C, തീയതി.27.03.2023 പ്രകാരം ആകെ ₹4,89,596/- വികസന ഫണ്ടിൽ നിന്നും നൽകാൻ ഉത്തരവ് നൽകി. ആയതു പ്രകാരം നികുതികൾ കിഴിച്ച് ₹4,81,298/- സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

വേണ്ടത്ര സൗകര്യങ്ങൾ ഒരുക്കിയതിന് ശേഷമാണോ ഇത്തരത്തിലുള്ള ഫിറ്റ്നെസ് ഉപകരണങ്ങൾ വാങ്ങിയതെന്ന് അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.07/22.06.2023)ലഭിച്ച മറുപടിയിൽ വേണ്ടത്ര സ്ഥല സൗകര്യം ഉറപ്പ് വരുത്തിയതിന് ശേഷമാണ് ടി സ്ഥലം പ്രസ്തുത പദ്ധതിയ്ക്കായി തെരഞ്ഞെടുത്തതെന്നും,ട്രെയിനറുടെ ആവശ്യമില്ലാതെ തന്നെ സ്വയം പ്രവർത്തിപ്പിക്കാവുന്ന ഉപകരണങ്ങളാണ് സ്ഥാപിച്ചിട്ടുള്ളതെന്നും വിശദീകരിച്ചു. എന്നാൽ ഈ സ്ഥലപരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ ബോധ്യപ്പെടുകയുണ്ടായി.

1) യോങ്ങ് എന്റർപ്രൈസസ് എന്ന സ്ഥാപനം വിതരണം ചെയ്തിട്ടുള്ള ഫിറ്റ്നെസ് ഉപകരണങ്ങൾ

അശാസ്ത്രീയമായ രീതിയിൽ നിർമ്മിച്ചിട്ടുള്ളതും, സാങ്കേതികമായി ഉപയോഗിക്കുന്നതിന് പ്രായോഗികതയില്ലെന്നും ബോദ്ധ്യപ്പെട്ടു.
2) ISI മാർക്കില്ലാത്തതും, ഏതെങ്കിലും അംഗീകൃത കമ്പനിയുടെ ഉപകരണങ്ങളോ അല്ലായെന്നും വ്യക്തമാവുകയുണ്ടായി.
3) പുറമ്പോക്ക് ഭൂമിയിൽ 3 മാസങ്ങൾക്ക് മുൻപ് സ്ഥാപിച്ച ഫിറ്റ്നെസ് ഉപകരണങ്ങൾ മിക്കവയും തുരുമ്പെടുത്ത് നശിച്ച നിലയിലും,പല ഉപകരണങ്ങളുടേയും വെൽഡ് ചെയ്ത ഭാഗങ്ങൾ അടർന്ന നിലയിലുമാണ് കാണപ്പെട്ടത്. ഇത്തരത്തിൽ തുരുമ്പെടുത്ത് കാണപ്പെട്ടതിനാൽ ഈ ഉപകരണങ്ങളുടെ ഗുണനിലവാരം കുറവാണെന്ന് ബോദ്ധ്യപ്പെട്ടു.
4) ഉപയോഗശൂന്യമായി കൊണ്ടിരിക്കുന്ന ഫിറ്റ്നെസ് ഉപകരണങ്ങൾ ഉപയോഗിക്കുന്നതിലൂടെ തദ്ദേശീയരായ ജനങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ കൂടി ആവശ്യമാണ് എന്ന് ബോധ്യമായി. കാരണം ഈ ഉപകരണങ്ങളിൽ പരിശീലനം നടത്തിയാൽ അപകടം വരാനുള്ള സാധ്യത കൂടുതലാണ്.

മേൽ അപാകതകളാൽ പദ്ധതി ഫലപ്രാപ്തിയിൽ എത്തുവാൻ സാധിച്ചിട്ടില്ല. പദ്ധതി വിഭാവനം ചെയ്തതിൽ ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിൽ മാത്രം മുൻതൂക്കം നൽകിയതിലൂടെ ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതി നിർവ്വഹണത്തെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം ആവശ്യമാണ്.

ഷീ ജിമ്മിനായി വാങ്ങി സ്ഥാപിച്ചിരിക്കുന്ന ഫിറ്റ്നെസ് ഉപകരണങ്ങളുടെ വിശദാംശം ചിത്രം 1 മുതൽ 6 വരെയുള്ളത് താഴെ കൊടുക്കുന്നു.

മേൽ കാരണങ്ങളാൽ ഈയിനത്തിൽ ചെലവഴിച്ച ₹489596/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.


ചിത്രം 1


ചിത്രം 2


ചിത്രം 3


ചിത്രം 4


ചിത്രം 5


ചിത്രം 6

1-23 ലൈഫ് മിഷൻ പദ്ധതിക്ക് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ - വിനിയോഗ വിവരം അറിയിക്കേണ്ടതാണ്

| | | |
|---|---|---|
| പ്രോജക്ട് | ലൈഫ് ഭവന പദ്ധതി,<br>റ്റി എസ് പി, 71/23 | ലൈഫ് ഭവന പദ്ധതി,<br>എസ് എസ് പി, 158/23 |
| നിർവ്വഹണം | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| അടങ്കൽ തുക | ₹480000/-<br>(വികസന ഫണ്ട് ടി എസ് പി) | ₹2101400/-<br>(വികസന ഫണ്ട് എസ് സി പി) |
| ചെലവ് വിവരം | ₹312000/- | ₹2101400/- |
| ബിൽ നം/തീയതി | 396/22.03.23 | 288/03.03.23 |

മേൽ തുകകൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയതിന്റെ വിവരം, ബില്ലിന്റെ പകർപ്പ്, ഗ്രാമ പഞ്ചായത്തുകളുടെ പ്രോജക്ടിന്റെ പകർപ്പ്, തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(നം.09/23.06.2023) നൽകിയതിന് ലഭിച്ച മറുപടിയിൽ മേൽ പ്രോജക്ടുകൾ സംയുക്ത പ്രോജക്ടുകളായിട്ടാണ് നടപ്പാക്കുന്നതെന്നും ഗ്രാമപഞ്ചായത്തുകളിൽ നിന്നും റിക്വിസിഷൻ ലഭിക്കുന്ന മുറയ്ക്ക് അലോട്ട്മെന്റ് തുക ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അനുവദിക്കുകയാണെന്നും അറിയിച്ചു. തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറുകയാണ് ചെയ്യുന്നതെന്നും വിശദീകരിച്ചു. ഗ്രാമപഞ്ചായത്തുകളിൽ

പ്രോജക്ട് പൂർത്തീകരിച്ച് വിനിയോഗ വിവരം ലഭിക്കുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും വിശദീകരിച്ചു. ഈ നടപടിക്രമത്തിലൂടെ തുക അനുവദിക്കുന്ന എന്നതിനപ്പുറം ഗുണഭോക്താക്കൾ ആരെന്നോ, പ്രൊജക്ടുമായി ബന്ധപ്പെട്ട് ഭവന നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള പുരോഗതി എന്തെന്നോ, പ്രൊജക്ട് ലക്ഷ്യം വച്ച ഫലപ്രാപ്തി ഉണ്ടായിട്ടുണ്ടോയെന്നോ ബ്ലോക്ക് പഞ്ചായത്ത് ഉറപ്പു വരുത്തുന്നില്ല. ഗ്രാമപഞ്ചായത്തിൽ നിന്നും ആവശ്യമുയരുന്നതനുസരിച്ച് ഫണ്ട് അനുവദിക്കുന്ന ഏജൻസി എന്ന നിലയിലാണ് ബ്ലോക്ക് പഞ്ചായത്ത് പ്രവർത്തിച്ചതെന്ന് മനസ്സിലാക്കാവുന്നതാണ്. ഈ പദ്ധതികളുടെ കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നീ സംവിധാനങ്ങളൊന്നും തന്നെ മോണിറ്റർ ചെയ്യാത്തതും പ്രൊജക്ടുകളുടെ പുരോഗതി വിലയിരുത്താത്തതും വീഴ്ചയാണ്. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതും പ്രൊജക്ടുകളുടെ പുരോഗതിയും ഫലപ്രാപ്തിയും എത്രത്തോളമെന്ന് പരിശോധിച്ച് വിവരം അറിയിക്കുന്നതു വരെ ഈയിനത്തിൽ ചെലവഴിച്ച ₹24,13,400/-(312000+2101400)യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-24 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡെപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/മൂല്യ നിർണ്ണയ പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ വിവിധ പ്രവൃത്തികൾക്കായി ഡിപ്പോസിറ്റ് ചെയ്ത തുകകളുടെയും ക്രമീകരിക്കാൻ അവശേഷിക്കുന്നതിന്റെയും വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് | സാമ്പത്തിക വർഷം | ഏജൻസി | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യനിർണ്ണയം പ്രകാരം) (₹) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (₹) |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | തറക്കാട്ട് കോളനി പൈപ്പ് ലൈൻ നീട്ടൽ-മുടക്കുഴ ഗ്രാമപഞ്ചായത്ത് | 2018-19 | കേരള വാട്ടർ അതോറിറ്റി, ആലുവ | 2515000 | - | 2515000 |
| 2 | കല്ലുമല സെറ്റിൽമെന്റ് കോളനി കടിവെള്ള പദ്ധതി | 2018-19 | കേരള വാട്ടർ അതോറിറ്റി, ആലുവ | 626000 | 554622 | 71378 (ഈ തുക തിരികെ ലഭിച്ചിട്ടുണ്ട്) |
| 3 | കല്ലുമല സെറ്റിൽമെന്റ് കോളനി കടിവെള്ള പദ്ധതി പൂർത്തീകരണം | 2019-20 | കേരള വാട്ടർ അതോറിറ്റി, ആലുവ | 500000 | - | 500000 |
| 4 | പട്ടികജാതി കോളനികളിൽ സോളാർ പാനൽ സ്ഥാപിക്കൽ | 2019-20 | അനെർട്ട് | 3100000 | - | 3100000 |
| 5 | പൂമല-ചെറുകുന്നം കടിവെള്ള പദ്ധതി | 2020-21 | കേരള വാട്ടർ അതോറിറ്റി, ആലുവ | 200000 | - | 200000 |

| | | | | | | |
|---|---|---|---|---|---|---|
| 6 | പൂമല-ചെറുകുന്നം കുടിവെള്ള പദ്ധതി-ബാക്കി തുക നൽകിയത് | 2021-22 | കേരള വാട്ടർ അതോറിറ്റി, ആലുവ | 60000 | - | 60000 |
| ആകെ | | | | | | 6446378 |

ഡെപ്പോസിറ്റ് തുക നാളിതു വരെയും ക്രമീകരിക്കാത്തത് ഗുരുതരമായ കൃത്യവിലോപമാണ്. മേൽ തുക ക്രമീകരിച്ച് വിവരം അടിയന്തിരമായി അറിയിക്കേണ്ടതാണ്.

## 1-25 കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി - അപാകതകൾ

| | |
|---|---|
| പ്രോജക്ട് | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി-(എസ് സി),152 /2022-23 |
| നിർവ്വഹണം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ അടങ്കൽ (ഫണ്ടിനം) | ₹433860/- (വികസന ഫണ്ട് എസ് സി പി)+ ₹66140/- (തനത് ഫണ്ട് )+<br>₹500000/- (ഗുണഭോക്തൃ വിഹിതം) = ₹1,000,000/- |
| ചെലവ് | ₹433860/- (വികസന ഫണ്ട് എസ്.സി.പി)+ ₹433860/- (ഗുണഭോക്തൃ വിഹിതം) = ₹867720/- |

50% സബ്സിഡി നിരക്കിൽ ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ ലഭ്യമാക്കുക എന്നതാണ് മേൽ പദ്ധതിയുടെ ലക്ഷ്യം. ക്ഷീര സഹകരണ സംഘങ്ങൾ വഴിയാണ് കാലിത്തീറ്റ വിതരണം നടത്തിയത്.

1)മേൽ പദ്ധതി പ്രകാരം കാലിത്തീറ്റക്കായി കേരള ഫീഡ്സിന് നൽകിയ ആകെ ₹867720/- -ൽ ₹837000/- യുടെ ഇൻവോയ്സുകളാണ് ഹാജരാക്കിയിട്ടുള്ളത്. ഇൻവോയ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം. , തീയതി | തുക (₹) |
|---|---|
| KFLPI-22-23-049469, 31.01.2023 | 161820 |
| KFLPI-22-23-055827, 06.03.2023 | 161820 |
| KFLPI-22-23-054859, 28.02.2023 | 61380 |
| KFLPI-22-23-058766, 17.03.2023 | 150660 |
| KFLPI-22-23-058762, 17.03.2023 | 16740 |
| KFLPI-22-23-054860, 28.02.2023 | 16740 |
| KFLPI-22-23-058761, 17.03.2023 | 61380 |
| KFLPI-22-23-058765, 17.03.2023 | 50220 |
| KFLPI-22-23-054863, 28.02.2023 | 50220 |
| KFLPI-22-23-058764, 17.03.2023 | 53010 |
| KFLPI-22-23-054862, 28.02.2023 | 53010 |
| ആകെ | 837000/- |

ബാക്കി ₹30720/- രൂപയുടെ ഇൻവോയ്സുകൾ ഹാജരാക്കേണ്ടതാണ്.

2) ഫയലിൽ നിന്നും ലഭിച്ച ഒക്കൽ KUCS ന്റെ 18.01.2023 ലെ യോഗത്തിന്റെ മിനിറ്റ്സ് പ്രകാരം ഒരു ചാക്ക് കാലിത്തീറ്റക്ക് കയറ്റിറക്ക് കൂലിയായി ₹20/- ഗുണഭോക്താവിൽ നിന്നും ഈടാക്കുവാൻ തീരുമാനിച്ചതായി കാണുന്നു. കേരള ഫീഡ്സുമായുള്ള കരാർ പ്രകാരം കാലിത്തീറ്റയുടെ ഇറക്ക് കൂലിയും, മറ്റ് അനുബന്ധചെലവുകളും വഹിക്കുന്നതിനായി കേരള ഫീഡ്സിൽ നിന്നും ഒരു ചാക്ക് കാലിത്തീറ്റക്ക് ₹30/- നിരക്കിൽ കൈകാര്യ ചെലവ് ലഭിക്കുമെന്നതിനാൽ കൈകാര്യ ചെലവ് ഗുണഭോക്താവിൽ നിന്നും ഈടാക്കാൻ പാടില്ലാത്തതാണ്. കേരള ഫീഡ്സിൽ നിന്നും കൈകാര്യ ചെലവ് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതും, ഗുണഭോക്താക്കളിൽ നിന്നും ഇതിനായി തുക ഈടാക്കിയിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23, 27.06.2023) മറുപടി ലഭ്യമായിട്ടില്ല. അപാകങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇൻവോയ്സുകൾ ലഭ്യമാക്കുന്നത് വരെ ₹30720/- യുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

### 1-26 ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്, 84/2022-23 |
| നിർവ്വഹണം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ അടങ്കൽ (ഫണ്ടിനം) | ₹1880160/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് | ₹1880160/- |

ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് ₹4/- (ക്ഷീര വികസന വകുപ്പ് നൽകുന്ന ₹1/- ഉൾപ്പടെ) നിരക്കിൽ കർഷകന് നൽകുകയാണ് പദ്ധതി ലക്ഷ്യം.
2022-23 സാമ്പത്തിക വർഷം ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് എന്ന പദ്ധതിക്കായി ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിഹിതം നൽകിയിട്ടുണ്ട്. ഒരോ സ്ഥാപനത്തിനും നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | തുക (₹) | ബിൽ നം , തീയതി (എ.സി.ആർ പ്രകാരം) |
|---|---|---|
| മുടക്കുഴ ഗ്രാമപഞ്ചായത്ത് | 500160 | 211, 27.02.2023 |
| വേങ്ങൂർ ഗ്രാമപഞ്ചായത്ത് | 250734<br>39272<br>139994 | 134, 11.01.2023<br>146, 25.01.2023<br>202, 23.02.2023 |
| കൂവപ്പടി ഗ്രാമപഞ്ചായത്ത് | 163440<br>92105<br>94455 | 148, 28.01.2023<br>183, 14.02.2023<br>174, 09.02.2023 |
| അശമന്നൂർ ഗ്രാമപഞ്ചായത്ത് | 150000 | 193, 17.02.2023 |
| രായമംഗലം ഗ്രാമപഞ്ചായത്ത് | 250000 | 179, 10.02.2023 |
| ഒക്കൽ ഗ്രാമപഞ്ചായത്ത് | 200000 | 137, 13.01.2023 |

മേൽ സ്ഥാപനങ്ങളിൽ, മുടക്കുഴ ഗ്രാമപഞ്ചായത്ത് (₹500160/-), വേങ്ങൂർ ഗ്രാമപഞ്ചായത്ത് (₹430000/-) എന്നീ സ്ഥാപനങ്ങൾക്ക് നൽകിയ വിഹിതത്തിന് ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/24.06.2023) മറുപടി ലഭിച്ചില്ല. ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ₹930160/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|

2022-23 ഓഡിറ്റിന്റെ ഭാഗമായാണ്
അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്.
ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക(₹) | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|
| മുടക്കുഴ ഗ്രാമപഞ്ചായത്ത്<br>അശമന്നൂർ ഗ്രാമപഞ്ചായത്ത്<br>ഒക്കൽ ഗ്രാമപഞ്ചായത്ത്<br>രായമംഗലംഗ്രാമപഞ്ചായത്ത്<br>കൂവപ്പടി ഗ്രാമപഞ്ചായത്ത്<br>വേങ്ങൂർ ഗ്രാമപഞ്ചായത്ത് | 270,000/-<br>180000/-<br>45000/-<br>180000/-<br>225000/-<br>135000/- | പി എം എ വൈ(എസ് സി പി) (62/23) | 10,35,000/- | 0 |
| മുടക്കുഴ ഗ്രാമപഞ്ചായത്ത്<br>അശമന്നൂർ ഗ്രാമപഞ്ചായത്ത്<br>ഒക്കൽ ഗ്രാമപഞ്ചായത്ത്<br>രായമംഗലം ഗ്രാമപഞ്ചായത്ത്<br>കൂവപ്പടി ഗ്രാമപഞ്ചായത്ത്<br>വേങ്ങൂർ ഗ്രാമപഞ്ചായത്ത് | 280000/-<br>140000/-<br>70000/-<br>70000/-<br>210000/-<br>140000/- | പി എം എ വൈ(ജനറൽ) (61/23) | 910000/- | |
| വേങ്ങൂർ ഗ്രാമപഞ്ചായത്ത് | 120000/- | ലൈഫ്-ടി എസ് പി (71/23) | 120000/- | |
| ജില്ലാ പഞ്ചായത്ത് | 784000/- | പി എം എ വൈ (ജനറൽ) (61/23) | 784000/- | 0 |
| ജില്ലാ പഞ്ചായത്ത് | 287000/- | പി എം എ വൈ (ജനറൽ) (S059/23) | 287000/- | 0 |
| ജില്ലാ പഞ്ചായത്ത് | 63000/- | പി എം എ വൈ (എസ് സി പി) (139/23) | 63000/- | 0 |
| ജില്ലാ പഞ്ചായത്ത് | 1449000/- | പി എം എ വൈ (എസ് സി പി) (62/23) | 1449000/- | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

തൻവർഷം നിക്ഷേപപ്രവൃത്തികൾക്കായി തുകയൊന്നും നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിരനിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക (₹) | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 2000-01 | അദ്ധ്യായം-IV 7(43)(A) പേജ് 41 | 1,47,000 | കല്ലിൽ ഗവ. എൽ. പി. സ്കൂൾ കെട്ടിട നിർമ്മാണം - വേലയുടെ മൂല്യത്തേക്കാൾ കൂടുതൽ തുക നല്കി | തീർപ്പാക്കിയിട്ടില്ല |
| 1998-99 | 2000-01 | അദ്ധ്യായം-IV 7(43)(B) പേജ് 41 | 29,000 | കൂവപ്പടിമേലേത്തിനാൽ പാടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി -പമ്പ് സെറ്റ് വാങ്ങിയതിലെ ക്രമക്കേടുകൾ | തീർപ്പാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 1998-99 | 2000-01 | അദ്ധ്യായം-IV 7(43)(C) പേജ് 41 | 50,000 | ഇരിങ്ങോൾ - ഇരവിച്ചിറ കമ്മ്യൂണിറ്റി സെന്റർ നിർമ്മാണം | തീർപ്പാക്കിയിട്ടില്ല |
| 2007-08 | 2007-08 | | | അങ്കണവാടിക്ക് ഉപകരണങ്ങൾ | തീർപ്പാക്കിയിട്ടില്ല |
| 2008-09 | 2008-09 | | | വനിതാ കർഷക സംഘങ്ങൾക്ക് കൊയ്ത്തുമെതി യന്ത്രം | തീർപ്പാക്കിയിട്ടില്ല |

4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹8,10,22,922/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹8,15,83,460/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹51,16,570/- |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ (ബി)യിലേയും (സി)യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം .

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 7,65,857/- | ഡോ.ആനന്ദ് സെബാസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ,സി എച്ച് സി |
| 1-18 | 4,34,653/- | ശ്രീമതി ഷിജി ജോസ്, അസി.എഞ്ചിനിയർ |
| 1-21 | 52,184/- | ശ്രീമതി റഹിമ വി വി, സെക്രട്ടറി |
| 1-22 | 4,89,596/- | ശ്രീമതി റഹിമ വി വി, സെക്രട്ടറി |
| 1-23 | 24,13,400/- | ശ്രീമതി.റഹിമ വി വി, സെക്രട്ടറി |
| 1-25 | 30,720/- | ശ്രീമതി റഫീനബീവി എം എം ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-26 | 9,30,160/- | ശ്രീമതി റഫീനബീവി എം എം ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 51,16,570/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ആനന്ദ് സെബാസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, സി എച്ച് സി,വേങ്ങൂർ | മനക്കൽ (വീട്) കുനമ്മാവ് പി.ഒ. എറണാകുളം. 683515 |
| ശ്രീമതി ഷിജി ജോസ്, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് | ഐക്കരക്കാരൻ ഹൗസ് പാദുവാപുരം.പി.ഒ. എടക്കുന്ന്, എറണാകുളം-683576 |
| ശ്രീമതി.റഹിമ വി.വി, സെക്രട്ടറി, കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് | വിരമിച്ച | ചേനാട്ട് ഹൗസ്, പല്ലാരിമംഗലം പി ഒ, മോഡേൺപടി 686671 |
| ശ്രീമതി റഫീനബീവി എം.എം. ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് | മുണ്ടെത്താൻ ഹൗസ് , കാലടി റോഡ്, പെരുമ്പാവൂർ പി ഒ , 683542 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ.(സി1).2137/2011/21.11.2011 |
| 1998-99 | |
| 1999- 2000 | |
| 2000-01 | |
| 2000-01 | |
| 2001-02 | |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2007-08 | കെ.എസ്.എ.-ഇ.കെ.എം. (ബി.പി.)1439/2019/ 05.08.2019 |
| 2008-09 | |
| 2013-14 & 2014-15 | |
| 2015-16 | |
| 2016-17 | |
| 2017-18 | കെ.എസ്.എ.ഇ.കെ.എം. (ബി.പി.)682/2022/ 02.06.2022 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം. (ബി.പി.)115/2022/ 02.06.2022 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം. (ബി.പി.)939/2020 / 03.01.2022 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം. (ബി.പി.)958/2022 / 07.07.2022 |
| 2022-23 | കെ.എസ്.എ.ഇ.കെ.എം. (ബി.പി.)296/2023 / 11.04.2023 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 6/1 dated 25-05-2023 and submitted on 09-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Koovappady Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Koovappady Block Panchayat for the year 2022-2023

Date: 26/08/2023

Joint Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Koovappady Block Panchayat for the Year 2022-2023.

**1.Major Observations**

1.Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2.Lack of Panchayath Raj Budget rules adversely affecting budgetary control system.

3.The asset value shown in Balance Sheet is not traceable to Asset Register due to unsupported design of existing asset register.

4.Non inclusion of *Notes on Accounts* -in Financial statements and non disclosure of material facts.

**2.Other Observations**

1. Ratios and Notes on Accounts, Mandatory financial statements prescribed in Accounting Rules are not submitted for audit.

2. Discrepancy in the Cash flow statement of Grama Panchayath for F.Y 2022-23 as amount recorded in *Net increase/ decrease in cash and cash equivalents* (Rs.560538/-) does not match with the *Net Cash Generated By Operating+Investing+Financing Activity* which is recoderd as Rs.110410/-. Both figures should be equal as per the approved accounting standards.

3. Electricity Charges of Street light is not an item of expenditure of Block Panchayats. But Computer service charge amounting to Rs.10250/- is erroneously booked under 230100101 head of Electricity Charge of Street lights.

4. Central Finanace Commission Grant (Tied) allotment is Rs.6808171/- as per the Appropriation Control Register. Rs.22171/- credited to the Treasury Account booked in the RP-7 Schedule was erroneously included in the RP-31 Schedule as well, leading to duplication.

5. Value of assets are accounted in 11 heads in the B-11 Schedule of Balance Sheet where as Depreciation charged are under only 7 heads. The value of land assets is not included in the Asset register. The value of stock as per Stock Register is also excluded in the schedule.

.

Joint Director
District Audit Office, Ernakulam
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്